ട്രാൻസ്പോർട്ട്
കമ്മീഷണറേറ്റ്
തിരുവനന്തപുരം

നമ്പർ. എം ഐ റ്റി 3/01/റ്റിസി/2015

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 02.02.2015

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — വാഹന പുക പരിശോധന കേന്ദ്രങ്ങൾ - ലൈസൻസ് പുതുക്കി നൽകുന്നത് — സംബന്ധിച്ച്

സൂചന :- കേന്ദ്ര മോട്ടോർ വാഹന നിയമം 115(7) ചട്ടം

മേൽ വിഷയത്തിലേയ്ക്ക് താങ്കളുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. വിവിധ ആർ.ടി ഓഫീസുകളുടെ കീഴിൽ വാഹന പുക പരിശോധന കേന്ദ്രങ്ങളുടെ ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ട് നിരവധി മാസങ്ങളായി യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. 2015 ഫെബ്രുവരി 28-നു മുമ്പായി എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷിച്ചിട്ടുള്ള വാഹന പുക പരിശോധന കേന്ദ്രങ്ങളിൽ ഏത് കാറ്റഗറിയിൽ ഉള്ള വാഹനങ്ങൾ പരിശോധിക്കാനുള്ള അംഗീകൃത ഉപകരണങ്ങളാണ് ഘടിപ്പിച്ചിട്ടുള്ളത് എന്ന് പരിശോധിച്ച് ആയതിനുള്ള ലൈസൻസ് പുതുക്കി നൽകേണ്ടതാണ്. കൂടാതെ ലൈസൻസ് ഇല്ലാത്തതോ പുതുക്കി നൽകാത്തതോ ആയ വാഹന പുക പരിശോധന കേന്ദ്രങ്ങൾ പി യു സി സർട്ടിഫിക്കറ്റ് നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തണമെന്നും നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

പകർപ്പ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമർക്കും അടിയന്തിര നടപടികൾക്കായി

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്

മോട്ടോർ വാഹന വകുപ്പ്, കേരള